# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD8-667/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്(ഉപരിപത്രം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
ഓഫീസ് പകർപ്പ്

നമ്പർ: KSA.PKD8-667/2023 തീയ്യതി: 29/04/2023

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-01-2022 മുതൽ 13-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-04-2023 | 27-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-04-2023 | 27-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ആർ. രാജിഷ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. ഐ.കന്തസ്വാമി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുനിത ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹമീദ ജലീസ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. വിനോദ് കുമാർ.കെ | സെക്രട്ടറി | 08-05-2021 | 12-08-2021 |
| ശ്രീ. വരുൺ.ജി. | സെക്രട്ടറി | 13-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ടി. കൃഷ്ണൻ കുട്ടി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിത്താര.പി. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. കെ. വിജയൻ. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-07-2021 |
| ശ്രീ. അരുൺ | പട്ടിക ജാതി വികസന ഓഫീസർ | 01-08-2021 | 20-03-2022 |
| ശ്രീ. നവീൻ ചന്ദ്ര | പട്ടിക ജാതി വികസന ഓഫീസർ | 21-03-2022 | 31-03-2022 |
| ശ്രീ. ഷിബു എ.ആർ | കൃഷി അസി. ഡയറക്ടർ | 01-04-2021 | 13-06-2021 |
| ശ്രീമതി. സിന്ധു. കെ.മാത്യു. | കൃഷി അസി. ഡയറക്ടർ | 14-06-2021 | 15-06-2021 |
| ശ്രീ. ഷിബു എ.ആർ | കൃഷി അസി. ഡയറക്ടർ | 16-06-2021 | 19-07-2021 |
| ശ്രീമതി. സിന്ധു. കെ.മാത്യു. | കൃഷി അസി. ഡയറക്ടർ | 20-07-2021 | 28-02-2022 |
| ശ്രീ. ഷിബു എ.ആർ | കൃഷി അസി. ഡയറക്ടർ | 01-03-2022 | 31-03-2022 |
| ശ്രീമതി. ശുഭ കെ നായർ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 03-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി. കാർത്ത്യായനി .എ. | ശിശു വികസന പദ്ധതി ഓഫീസർ | 04-11-2021 | 09-11-2021 |
| ശ്രീമതി. പദ്മലത.ആർ | ശിശു വികസന പദ്ധതി ഓഫീസർ | 10-11-2021 | 31-03-2022 |
| ശ്രീമതി. അശ്വതി.എം.ജി. | ക്ഷീര വികസന ഓഫീസർ | 01-04-2021 | 30-04-2021 |
| ശ്രീമതി. പ്രിയ. പി.ബി. | ക്ഷീര വികസന ഓഫീസർ | 01-05-2021 | 24-05-2021 |
| ശ്രീമതി. അശ്വതി.എം.ജി. | ക്ഷീര വികസന ഓഫീസർ | 25-05-2021 | 16-07-2021 |
| ശ്രീമതി. പ്രിയ. പി.ബി. | ക്ഷീര വികസന ഓഫീസർ | 17-07-2021 | 24-09-2021 |
| ശ്രീമതി. ശ്യാമ .എം.എ | ക്ഷീര വികസന ഓഫീസർ | 25-09-2021 | 31-03-2022 |
| ഡോ.അബ്ബാസ്. | മെഡിക്കൽ ഓഫീസർ (സാമൂഹ്യ ആരോഗ്യ കേന്ദ്രം)) | 01-04-2021 | 31-03-2022 |
| ശ്രീ. വി. ചന്ദ്രശേഖർ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | വ്യവസായ മേഖലകളിൽ വികസനാത്മക പ്രൊജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടില്ല | 1-9 |
| 11 | സെക്രട്ടറി നിർവഹണം - പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-10 |
| 12 | സമസ്ത ഭിന്ന ശേഷിക്കാരായ ഗുണഭോക്താക്കളുടെ സ്കോളർഷിപ്പ് വിതരണം- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-11 |
| 13 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ബാലൻസ് തുക ലഭ്യമായിട്ടില്ല | 1-12 |
| 14 | MGNREGS-അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-13 |
| 15 | PMAY ഭവന നിർമ്മാണം - കരാർ കാലവധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല | 1-14 |
| 16 | എൽ.പി. സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ-ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രമില്ലാതെ നടപ്പിലാക്കി | 1-15 |
| 17 | കിഴക്കേപ്പാട്ടുകുന്ന് സാംസ്കാരിക നിലയം കെട്ടിടം പൂർത്തീകരണം- ഇലക്ട്രിഫിക്കേഷൻ പണികൾ പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 18 | ശുചിത്വമിത്ര – ഏഴ് കേന്ദ്രങ്ങളിൽ ശുചിമുറി നിർമ്മാണം | 1-17 |
| 19 | മരാമത്ത് പ്രവൃത്തിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു | 1-18 |
| 20 | പദ്ധതി മാർഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു. | 1-19 |
| 21 | പശുക്കളെ വിറ്റ ആൾക്ക് തുക നൽകേണ്ടതിന് പകരം ഗുണഭോക്താവിന് നേരിട്ട് തുക നൽകിയിരിക്കുന്നു. | 1-20 |
| ഭാഗം 2 | | |
| --- No Records Found --- | | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

17-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/21 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 38,13,286 |
| തൻവർഷം വരവ് | 36,30,37,714 |
| ആകെ വരവ് | 36,68,51,000 |
| ചെലവ് | 36,15,05,000 |
| നീക്കിയിരിപ്പ് | 53,46,000 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 14-6-2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത്‌രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.
2. സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമായ ഓരോ ഫണ്ടിനത്തിനും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ വിഹിതത്തിന്റേയും മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. 2020-21 ൽ സംയുക്ത പദ്ധതിക്കായി ലഭിച്ചതും മുന്നിരിപ്പായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയതുമായ 5,00,000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.
3. 2021-22വർഷം CDPO നടപ്പിലാക്കിയ പ്രൊജക്ടിൽ തനതുഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| |
|---|
| പ്രോജക്ട് നമ്പർ 04/22 |
| സമസ്ത ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് ജനറൽ |
| തുക 43000/- ബിൽ നമ്പർ 214/11.02.22 |
| ഫണ്ട്- തനതു ഫണ്ട് |

തനതു ഫണ്ടിൽ നിന്ന് ഭിന്നശേഷി സ്കോളർഷിപ്പ് ഇനത്തിൽ നൽകിയ തുകയുടെ വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് ആയി രേഖപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51,35,622.00 |

| | |
|---|---|
| വരവ് | 8,21,20,186.00 |
| ആകെ | 8,72,55,808.00 |
| ചെലവ് | 7,43,62,570.00 |
| നീക്കിയിരിപ്പ് | 1,28,93,238.00 |

1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 20296000 | 20296000 | 17714000 | 2582000 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 16412000 | 16412000 | 14455432 | 1956568 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 188727 | 188727 | 154000 | 34727 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7377243 | 7377243 | 4436470 | 2940773 |
| CFC ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 3880386 | 3880386 | 3779000 | 101386 |
| CFC ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | | 0 | 0 | 0 | 0 |
| CFC ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 5669000 | 5669000 | 401967 | 5267033 |
| CFC ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover * | 0 | 1302569 | 1302569 | 406987 | 895672 |

*CFC ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover- വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ എ.സി.ആറിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ പ്രകാരമുള്ള കണക്കുകൾ ആണ് മുകളിൽ കൊടുത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് |
|---|---|---|---|---|---|

| | | | | | ആയ തുക |
|---|---|---|---|---|---|
| TSC | 277324 | 9145 | 286469 | 165232 | 121237 |
| IAY (General) | 827027 | 68789 | 895816 | 28024 | 867792 |
| IAY(SCP) | 1535910 | - | 1535910 | - | 1535910 |
| Best Panchayath Award | 0 | 2569991 | 2569991 | 76508 | 2493483 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 137315941 | 83 | 45648847 | 0 | 14 | 85.6 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 4 | 4 | 3449131 | 3449131 | 100 |
| എസ്.സി.ഡി.ഓ | 6 | 6 | 4784311 | 3781334 | 79.04 |
| സി.ഡി.പി.ഓ | 6 | 3 | 1910536 | 1762785 | 92.27 |
| സെക്രട്ടറി | 17 | 14 | 74430645 | 17752145 | 23.85 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 24 | 22 | 16290556 | 7491961 | 45.99 |
| മെഡിക്കൽ ഓഫീസർ-CHC* | 14 | 14 | 4832645 | 4904645 | 101.49 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ* | 4 | 3 | 20080000 | 405000 | 2.02 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 22 | 17 | 11538117 | 6101846 | 52.88 |
| ആകെ | 97 | 83 | 137315941 | 45648847 | 33.24 |

*മെഡിക്കൽ ഓഫീസർ-CHC - അടങ്കലിനെക്കാളും തുക ചിലവായി കാണുന്നു.

*ഡയറി എക്സ്റ്റൻഷൻ ഓഫീസർ- അടങ്കൽ തുകയുടെ 2.02 ശതമാനം മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്.

## 1-6 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-4-2023 ന് സ്ഥാപനത്തിലെ HC യുടെ സാന്നിധ്യത്തിൽ നടത്തി. വരവായി തുകയൊന്നും ഉണ്ടായിരുന്നില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന

നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ കൃത്യമായി സംവിധാനങ്ങളൊന്നും ഇല്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ താരതമ്യേന പുറമെ നിന്നുള്ള വരവുകൾ കുറവായിതിനാലാണ് ഇപ്രകാരം പ്രത്യേകം സജ്ജീകരണങ്ങൾ ഏർപ്പെടുത്താത് എന്നാണ് സൂചിപ്പിച്ചത്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകളുടെ പകർപ്പുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. എന്നാൽ ഘടകസ്ഥാപനങ്ങളുടെ സാധനങ്ങൾ സമാഹരിക്കലിൽ ഇത്തരം കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.

കൂടാതെ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് " സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട് എങ്കിലും ആസ്തി രജിസ്റ്റർ, മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണം ഒന്നുകൂടി കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകുന്നതിനായി ഭരണസമിതിയുടെയും സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

17.12.2018 നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2012-13 മുതൽ 2016-17 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 25.07.22 മുതൽ 11.08.22 വരെയുള്ള തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

1-9 വ്യവസായ മേഖലകളിൽ വികസനാത്മക പ്രൊജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ എല്ലാമേഖലകളിലും വികസനവുമായി ബന്ധപ്പെടുത്തി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വ്യവസായ മേഖലകളെ ഒഴിവാക്കിയതായി കാണുന്നു. വ്യവസായ വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ടുകൾ തയ്യാറാക്കുകയോ അംഗീകാരം വാങ്ങി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗുണഭോക്താക്കളുടെ സാമ്പത്തിക പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി വ്യക്തമായ മാർഗ നിർദേശങ്ങൾ സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നിരിക്കെ വ്യവസായ രംഗത്ത് അനുയോജ്യമമായ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കാൻ കഴിയാതെ പോയ സാഹചര്യം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/24.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യവസായിക ഉന്നമനത്തിനായി ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

1-10 സെക്രട്ടറി നിർവഹണം - പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന നിർമ്മാണം (എസ്.സി) ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്

| ക്രമ നം. | പ്രോജക്റ്റ് നം., പേര് | അടങ്കൽ (₹) | ചെലവ് (₹) | ട്രഷറി ബിൽ നം /തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 147/22 ലൈഫ് (എസ്.സി)ഭവന നിർമ്മാണം, ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 421952/- വികസന ഫണ്ട് (എസ്.സി.പി) | 421952/- | 42/23.03.2022 | 221952/- കാരകുറിശ്ശി ഗ്രാമ പഞ്ചായത്തിന് നൽകിയത് |
| 2 | 105/22 ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം ബ്ളോക്ക് പഞ്ചായത്ത് വിഹിതം 2020(എസ്.സി.പി) | 1936613/- വികസന ഫണ്ട് (എസ്.സി.പി) | 1936613/- | 25/25.11.21 | 137950/- കരിമ്പുഴ ഗ്രാമ പഞ്ചായത്തിനു നൽകിയത് |
| 3 | 106/22 തുടർ സാക്ഷരതാ പഠിതാക്കളുടെ പത്താതരം, +1 തുല്യതാ പരീക്ഷാഫീസ് | 57600/- വികസന ഫണ്ട് ജനറൽ | 57600/- | 23/06.11.2021 | 57600/- ഡയറക്ടർ, കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ |

| | അടവാക്കൽ | | | | |
|---|---|---|---|---|---|

മേൽ പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ തുക നൽകിയ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/24.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 സമസ്ത ഭിന്ന ശേഷിക്കാരായ ഗുണഭോക്താക്കളുടെ സ്കോളർഷിപ്പ് വിതരണം- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ സമസ്ത ഭിന്ന ശേഷിക്കാരായ ഗുണഭോക്താക്കളുടെ സ്കോളർഷിപ്പ് വിതരണത്തിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ :- CDPO

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | കൈമാറിയ തുക | ട്രഷറി ബിൽ നം തീയ്യതി | തുക ലഭിച്ച ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|---|
| 1 | 4/2022 | സമസ്ത ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 43000/-<br>126000/-<br>150000/- | 214/11.02.22<br>253/16.02.22<br>282/27.01.22 | കടമ്പഴിപുറം ഗ്രാമ പഞ്ചായത്ത്<br>" "<br>ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് |
| 2 | 81/22(SO) | സമസ്ത ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000/- | 80/01.10.21 | കരിമ്പുഴ ഗ്രാമപഞ്ചായത്ത് |

മേൽ പറഞ്ഞ പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റ് പരിശോധനക്കു നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/26.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യച്ചെന്ന് ഉറപ്പു വരുത്തേണ്ടതും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

1-12 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ബാലൻസ് തുക ലഭ്യമായിട്ടില്ല

ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി CDPOഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി താഴെ പറയുന്ന പ്രൊജക്ട് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച നടത്തിയതായി കാണുന്നു.

1) പ്രൊജക്ട് നം-45/22

അടങ്കൽ തുക-380536/-

ചെലവഴിച്ച തുക- 379936/-

| ക്രമ നം | ബിൽ നം , തിയ്യതി | തുക | തുക നൽകിയ സ്ഥാപനം | ലഭ്യമായ സാധനങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 3/12.10.21 | 232446/- | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ | കമ്പ്യൂട്ടറുകൾ |
| 2 | 4/06.1-.21 | 100090/- | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ | 4 പ്രിന്ററുകൾ |
| 3 | 6/09.03.22 | 47400/- | സിസ് വേൾഡ്, തിരുവാഴിയോട് അനൂപ് , ഇലക്ട്രീഷൻ | യു.പി.എസ്, വയറിംങ്ങ് |
| | | 379936/- | | |

ക്രമ നം 2 പ്രകാരം 4 പ്രിന്ററുകൾക്ക് 100090/- രൂപയാണ് നൽകിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ഇ-വേ ബിൽ ( ബിൽ നം 221389583724/26.01.22 പ്രകാരം ഈ ഇനങ്ങൾക്കായി 96234/-( IGST ഉൾപ്പെടെ) രൂപ മാത്രമാണ് ചെലവ് വന്നിരിക്കുന്നത്. ബാലൻസ് തുക 3856/- ശിശുവികസന ഓഫീസർക്ക് തിരികെ ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/24.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 MGNREGS-അഡ്വാൻസ് തുക ക്രമീകരിച്ചില്ല

2021-22വർഷം MGNREGS ബ്ളോക്ക് പ്രോഗ്രാം ഓഫീസർക്ക് ഭരണ നിർവഹണ ചെലവുകൾക്കായി താഴെ പറയും പ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് നം | തുക |
|---|---|---|
| 1 | 3788081/03.04.2021 | 57300/- |
| 2 | 3788088/27.04.2021 | 94789/- |
| 3 | 3788093/05.05.2021 | 148996/- |
| 4 | 4894304/01.06.2021 | 137761/- |
| 5 | 4894313/01.07.2021 | 132726/- |
| 6 | 4894317/02.08.21 | 139134/- |
| 7 | 5699327/18.08.21 | 9252/- |
| 8 | 5699330/01.09.21 | 137661/- |
| 9 | 3928494/05.10.21 | 210591/- |
| 10 | 367014/01.11.21 | 161449/- |
| 11 | 3671326/03.12.21 | 163043/- |
| 12 | 4168915/05.01.22 | 158880/- |
| 13 | 3650514/01.02.22 | 148894/- |
| 14 | 3652163/04.03.22 | 175740/- |
| | ആകെ | 1876216/- |

മുന്നിരിപ്പ് ഉൾപ്പെടെ 2021-22വർഷം MGNREGS ന് നൽകിയ ആകെ തുകയിൽ (2404976/-) തുക 1031627/- രൂപ ക്രമീകരിച്ച് ബാലൻസ് തുക 1373349/- ക്രമീകരിക്കാൻ ബാക്കിനിൽക്കുന്നു. അഡ്വാൻസ് ആയി നൽകിയ തുക ക്രമീകരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം 7/26.04.2023).അഡ്വാൻസായി നൽകിയ തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-14 PMAY ഭവന നിർമ്മാണം - കരാർ കാലവധിക്കുള്ളിൽ പൂർത്തികരിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷം കരാർ വച്ച 167 പി.എം.എ.വൈ ഗുണഭോക്താക്കളുടെയും, 2021-22 സാമ്പത്തിക വർഷം കരാർ ചമച്ച 147 പി.എം.എ.വൈ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2020-21 സാമ്പത്തിക വർഷം കരാർ ചമച്ച ഗുണഭോക്താക്കളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ

| ക്രമ നം. | പേരും, വിലാസവും | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക | നിലവിലെ അവസ്ഥ (Stage) |
|---|---|---|---|---|
| 1 | വേശുകുട്ടൻ,കുന്നത്തൊടി തിരുനാരായണപുരം , വെള്ളിനേഴി | 48000 | 352000 | പണി ആരംഭിച്ചിട്ടില്ല |
| 2 | ജിതേഷ്,തിരുവാഴിയോട്, വെള്ളിനേഴി | 48000 | 352000 | പണി ആരംഭിച്ചിട്ടില്ല |
| 3 | അംബുജാക്ഷി , കാരാട്ടുതൊടി പൂക്കോട്ടുകാവ് | 48000 | 352000 | പണി ആരംഭിച്ചിട്ടില്ല |

2021-22 സാമ്പത്തിക വർഷം കരാർ ചമച്ച ഗുണഭോക്താക്കളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ

| ക്രമ നം. | പേരും, വിലാസവും | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക | നിലവിലെ അവസ്ഥ (Stage) |
|---|---|---|---|---|
| 1 | അയപ്പൻ,ചിന്നമ്മു കാരാകുറിശ്ശി | 48000 | 352000 | പണി ആരംഭിച്ചിട്ടില്ല |
| 2 | തങ്കമണി ,വാക്കടപ്പുറം കരിമ്പുഴ ,എലുമ്പാശശേരി | 120000/- | 280000/- | തറപണി പൂർത്തികരിച്ചു |
| 3 | നളിനി പള്ളത്ത് കോളനി | 120000/- | 280000/- | തറ പണി പൂർത്തികരിച്ചു |
| 4 | ലീല രാമൻകുട്ടി ,ചന്തപ്പുര | 48000 | 352000 | തറ നിരപ്പാക്കി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (നം 8/26.04.23 ) .

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 എൽ.പി. സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ-ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രമില്ലാതെ നടപ്പിലാക്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ | പ്രൊജക് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| നം. | | (₹) | (₹) |
|---|---|---|---|
| 1 | 97/22- എ.എൽ.പി.എസ് വേട്ടേക്കര പാചകപ്പുര ഭക്ഷണശാല നിർമ്മാണം | 5,00,000 | 4,34,159 |
| 2 | 99/22- എ.എൽ.പി.എസ് പുല്ലണ്ടശ്ശേരി പാചകപ്പുര ഭക്ഷണശാല നിർമ്മാണം | 5,00,000 | 5,00,000 |
| 3 | 98/22- എ.എൽ.പി.എസ് കലിക്കിലിയാട് പാചകപ്പുര ഭക്ഷണശാല നിർമ്മാണം | 3,96,394 | 3,96,394 |

ടി പദ്ധതി നടപ്പിലാക്കിയതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗ രേഖ നം.സ. ഉ. കൈ നം. 11/ 2018 തസ്വഭവ തിയതി 29.01.2018 ഖണ്ഡിക 7.6 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി/യു.പി. സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പറയുന്ന പ്രൊജക്ടുകളിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല.

2. ഖണ്ഡിക 7.8 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ് ലെറ്റും, അവയിൽ ജലലഭ്യതയും ഏർപ്പെടുത്തിയതിന് ശേഷം എയിഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. മേൽ പദ്ധതികൾ എല്ലാം നടപ്പിലാക്കിയിരിക്കുന്നത് എയിഡഡ് സ്കൂളുകളിലാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/27.04.2023 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖക്കനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-16 കിഴക്കേപ്പാട്ടുകുന്ന് സാംസ്കാരിക നിലയം കെട്ടിടം പൂർത്തീകരണം- ഇലക്ട്രിഫിക്കേഷൻ പണികൾ പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 57/22 |
| പ്രൊജക്ട് | കിഴക്കേപ്പാട്ടുകുന്ന് സാംസ്കാരിക നിലയം കെട്ടിടം പൂർത്തീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി, ഉത്തരവ് | 20410/2021-22 LSGD/TS/2021-22/60505 Dtd.09.08.21 |
| സാങ്കേതികാനുമതി തുക | 4,90,000 രൂപ |
| കരാറുകാരൻ | ശ്രീ.ഇ.കെ.സുലൈമാൻ |
| കരാർ നിരക്ക് | 406232 |
| കരാർ ഉടമ്പടി | 03/2021-22/AE/LSGD/SKPM/BP Dtd. 14.09.21 |
| എം.ബുക്ക് | 25/21 |

| | |
|---|---|
| ബിൽ നമ്പർ, തുക | 05/21 Dated 11.02.22<br>414652/- |

ജില്ലാ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കിഴക്കേപ്പാട്ട് കുന്ന് എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ ബാക്കി നിൽക്കുന്ന പണികളായ പ്ലാസ്റ്ററിംഗ്, ടൈലിംഗ്, വയറിംഗ്, വാട്ടർ കണക്ഷൻ മുതലായവ പൂർത്തീകരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായി എസ്റ്റിമേറ്റിൽ 65,000/- രൂപ വകയിരുത്തിയിട്ടുമുണ്ട്. എന്നാൽ എം.ബുക്ക് പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ ചെയ്തിട്ടില്ല. കൂടാതെ വാട്ടർ കണക്ഷന് പ്ലംബിങ്ങിനായി 10,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ കണക്ഷൻ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. സർക്കാർ മാർഗ്ഗരേഖ നം.സ.ഉ.കൈ നം.11/2018 തസ്വഭവ തിയതി 29.01.2018 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ് എന്നീ പ്രവൃത്തികൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റ് ആയി വേണം നടപ്പിലാക്കാൻ എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദേശം ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/27.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ടി കെട്ടിടം നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ളതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-17 ശുചിത്വമിത്ര – ഏഴ് കേന്ദ്രങ്ങളിൽ ശുചിമുറി നിർമ്മാണം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 143/22 |
| പ്രൊജക്റ്റ് | ശുചിത്വമിത്ര – ഏഴ് കേന്ദ്രങ്ങളിൽ ശുചിമുറി നിർമ്മാണം |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി | 83014/2021-22 Dtd.11.02.22 |
| സാങ്കേതികാനുമതി തുക | 35,00,500 രൂപ |
| കരാറുകാരൻ | ശ്രീ.സി.ജെ.ജോയി |
| കരാർ നിരക്ക് | 2970409/- |
| കരാർ ഉടമ്പടി | 06/2021-22/AEE/LSGD/SKPM/BP Dtd. 11.03.22 |
| എം.ബുക്ക് | 46/21 |
| ബിൽ തുക ( Part Bill) | 332967/-(Part Bill) |

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ഏഴ് ക്ഷേത്രങ്ങളിൽ ടേക്ക് എ ബ്രേക്ക് മോഡലിൽ ശുചിമുറി നിർമ്മിക്കാനായി 35,00,500/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണിത് . (2765500.00/- രൂപ വികസന ഫണ്ട് (C.F.C Tied ) ൽ നിന്നും 385000,00/- രൂപ തനത് ഫണ്ടും 350000.00/- രൂപ ഗുണഭോക്തൃ വിഹിതം) കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ തിരുവളയനാട്ടുകാവ് പൂവ്വക്കോട് ക്ഷേത്രം, കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിലെ വായില്യാം കുന്ന് ക്ഷേത്രം, ആലങ്ങാട് ചെറു കുന്നത്ത് കാവ്, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ശ്രീകൃഷ്ണ ക്ഷേത്രം, പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ പവിഴക്കാട് അമ്പലം, വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ തൃപ്പലക്കിൽ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ ആണ് ശുചിമുറി നിർമ്മിക്കുന്നത് . പഞ്ചായത്തിന്റെ ആസ്തിയല്ലാത്തതിനാൽ കോർഡിനേഷൻ കമ്മിറ്റിയുടെ അപ്രൂവലിനു പോവുകയും, ക്ഷേത്രകോമ്പൗണ്ടിനകത്ത് ശുചിമുറി നിർമ്മിക്കാൻ ബ്ലോക്ക പഞ്ചായത്തു വിഹിതം ഉപയോഗിക്കാവുന്നതല്ല എന്നും കോമ്പൗണ്ടിനു പുറത്തുള്ള

സ്ഥലത്ത് എല്ലാ വിഭാഗം പൊതുജനങ്ങൾക്കും പ്രയോജനം ഉറപ്പാക്കി സർക്കാരിന്റെ ടേക്ക് എ ബ്രേക്ക് രീതിയിൽ നിർമ്മിക്കാനും ഇതു ശുചിയായി നല്ല രീതിയിൽ പരിപാലിക്കാനുള്ള നടപടി ക്ഷേത്ര ഭാരവാഹികൾ ഉറപ്പാക്കണം എന്ന നിർദേശത്തോടുകൂടി 18.12.2021 തീയതിയിൽ കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ഇത് പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം മറ്റ് സ്ഥാപനങ്ങളെ ഏല്പിക്കുന്നതും നിയമപരമായി ശരിയായ നടപടിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/27.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-18 മരാമത്ത് പ്രവൃത്തിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എക്സി.എഞ്ചിനീയർ

പ്രോജക്ട്.നം.96/22- ഘടകസ്ഥാപന കാര്യാലയത്തിന് മുന്നിൽ പാർക്കിംഗ് സൗകര്യം

അടങ്കൽ- 91,718/- ( മെയിന്റനൻസ് ഫണ്ട്, റോഡിതരം- 75,190/- , തനത് ഫണ്ട്- 16,528/- )

ചെലവ്- 75,190 /-( മെയിന്റനൻസ് ഫണ്ട് ,റോഡിതരം)

മേൽ പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/27.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ പ്രസ്തുത പ്രോജക്ടിന് ചെലവഴിച്ച തുക 75,190/- രൂപ ഓഡിറ്റ് തടസ്സത്തിൽവയ്ക്കുന്നു.

### 1-19 പദ്ധതി മാർഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു.

ഷെഡ്യൂൾ കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം. 128/22 പ്രകാരം അയ്യങ്കാളി പഠനകേന്ദ്രം -പട്ടികജാതി കോളനികളിൽ സായാഹ്ന ട്യൂഷൻ 872932രൂ. ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്. ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം. 18/18-2-2022, 582036രൂ.

ബിൽ നം. 28/31-3-2022 , 288512രൂ.

ബിൽ നം. 24/17-3-2022 , 2384രൂ.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

--- ടി പ്രോജക്ടിന്റെ ആരംഭത്തിൽ തന്നെ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പരിധിയിലെ വിവിധ പഞ്ചായത്തുകളിൽ 40 പട്ടികജാതി കോളനികളിൽ 5 മുതൽ 10 ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ദിവസവും രണ്ട് മണിക്കൂർ വീതം സായാഹ്ന ട്യൂഷൻ നൽകുന്നതിന് ഉദ്ദേശിച്ചാണ് പ്രോജക്ട് വിഭാവനം ചെയ്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോർഡിനേഷൻ കമ്മിറ്റി ഇത്തരം അനുമതി ടി പ്രോജക്ടിന് നൽകിയിട്ടില്ല. സ.ഉ.നം. 11/2018, ത.സ്വ.ഭ.വ. തിയ്യതി 29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലും സ.ഉ.നം.22/2018, ത.സ്വ.ഭ.വ. തിയ്യതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലും ഇത്തരം പ്രോജക്ട് ചെയ്യുന്നതിന് വ്യവസ്ഥകളില്ല.

--- എത്ര ട്യൂട്ടർമാരെയാണ് ടി പ്രോജക്ടിലേക്ക് തിരഞ്ഞെടുത്തതെന്നും അവർക്കുള്ള വേതനം നിശ്ചയിച്ചത് എപ്രകാരമാണെന്നും ഫയലിൽ നിന്നും വ്യക്തമല്ല. മേൽസൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 2016-17 കാലയളവിലെ സമാനമായ പ്രോജക്ടിന് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കിയിരുന്നു എന്നും ആയതനുസരിച്ച് തൻവർഷവും പ്രോജക്ട് നിർവ്വഹിച്ചു എന്ന് അറിയിച്ചിട്ടുണ്ട്.

ടി മറുപടി പര്യാപ്തമല്ല. പദ്ധതി മാർഗരേഖയിലും സബ്സിഡി മാർഗരേഖയിലും ഇല്ലാത്ത പ്രോജക്ടുകൾ ചെയ്യുമ്പോൾ അതത് വർഷങ്ങളിൽ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ട്യൂട്ടർമാരെ നിയമിച്ചത് സംബന്ധിച്ച് ഒറിജിനൽ ഫയലും അവർക്ക് നൽകിയ വേതനത്തിന്റെ അടിസ്ഥാനവും വ്യക്തമാക്കേണ്ടതാണ്.

1-20 പശുക്കളെ വിറ്റ ആൾക്ക് തുക നൽകേണ്ടതിന് പകരം ഗുണഭോക്താവിന് നേരിട്ട് തുക നൽകിയിരിക്കുന്നു.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം.120/22 പ്രകാരം ഗോശ്രീ- വനിത ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്നതിലേക്ക് താഴെ സൂചിപ്പിക്കും വിധം ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

ബിൽ നം. 9/27-12-2021 , 275000രൂ.

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പാലാഴി ജി.എൽ.ജി എന്ന സ്വയം സഹായക സംഘത്തിലെ പത്ത് ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങുന്നതിനായി 27500/-രൂപ വീതം സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

ടി പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് പശുക്കളെ വിറ്റ ആൾക്കാരിൽ നിന്നും പശുവിന്റെ വില സൂചിപ്പിക്കുന്ന തുക ലഭ്യമായ കൈപ്പറ്റ് രസീതി ഫയലിൽ ലഭ്യമാണ്. എന്നാൽ ഇവരുടെ അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ, ബാങ്കിൽ നിന്നോ തുക നൽകിയതായി കാണുന്നില്ല. സ.ഉ. നം. 22/2018, ത.സ്വ.ഭ.വ തിയ്യതി 14-2-2018 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ കൈമാറണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/24-4-2023) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുകകൾ നൽകിയത് എന്നും ഉരുക്കളെ വിൽക്കുന്നയാൾ ക്രെഡിറ്റ് അടിസ്ഥാനത്തിൽ വിൽപനയ്ക്ക് തയ്യാറാകാത്തതിനാലാണ് ഇപ്രകാരം ചെയ്തത് എന്നും സൂചിപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 17-4-2023 മുതൽ 26-4-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2021-22 | 1090090 | 84,00,000 | ഐ.എ.വൈ | 76,25,000 | 18,65.090 |
| | | 8000 | 0 | ലൈഫ് പദ്ധതി | 8000 | 0 |
| | | 500000* | - | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | - | - |
| | | 1887429 | 58,10,000 | കുടിവെള്ളപദ്ധതികൾ | 56,00,000 | 20,97,429 |
| | 2020-21 | 2,00,000 | | ഗ്രാമ ന്യായ കാര്യാലയം പൂർത്തീകരണം | - | 2,00,000 |
| | 2021-22 | - | 4,50,000 | ഗ്രാമ ന്യായ കാര്യാലയം പൂർത്തീകരണം | 4,50,000 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 10,00,000 | കലിംഗ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പൂർത്തീകരണം | 10,00,000 | - |

* മുന്നിരിപ്പ് തുക 5,00,000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| ഇനം. | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 51,35,622.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,21,20,186.00 |
| ആകെ | 8,72,55,808.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,43,62,570.00 |
| നീക്കിയിരിപ്പ് | 1,28,93,238.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75190 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യ ക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 75190 | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 75190 | |

ഭാഗം 1 ലെ ഖണ്ഡികക ൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്. | കുന്നത്താഴത്ത് , കൃഷ്ണഗീതം , ഷൊർണ്ണൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | വർഷം | ഈ കാര്യാലയത്തിൽ | തീർപ്പാക്കാന |
|---|---|---|---|

| | വിവരം നിന്നും അവസാനം നൽകിയ കത്തിന്റെ | വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 95-96, 96-97 ,97-98 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 5 (32,34,35,40,43,) |
| 98-99 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 3 (2,3,4) |
| 1999-2000 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 0 |
| 2000-2001 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 1 (3-8) |
| 2001-02 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 0 |
| 2002-03 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 2 (3-2,3-4) |
| 2003-04 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 3 (3-2, 3-4,3-5) |
| 2004-05 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 1 (3-2) |
| 2005-06 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 1 (3-3) |
| 2006-07 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 3 (3-3, 3-5(2), 3-6(3)) |
| 2007-08 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 1 (3-6) |
| 2008-09 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 4 |
| 2009-10 & 2010-11 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 2 (3-5,,3-13) |
| 2011-12 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 2 (3-1,3-3) |
| 2012-13, 2013-14&2014 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 2 ( 3-2(1,2), 3-3) |
| 2015-16 | KSA.PKD 12/2323/16 Dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകളും |
| 2016-17 | KSA.PKD .12-1540/17 Dt.06-102017 | ഓഡിറ്റ് |

| | | |
|---|---|---|
| | | റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകളും |
| 2017-18 | നം.കെ.എസ്.എ-പികെഡി പി.24/2466 /അദാലത്ത്/2022, തിയതി : 15 -11-2022 | 4 (3-1-1, 3-5,3-7,3-9) |
| 2018-19 | KSA.PKD .8-1388/2020.dt.16.01.21 | ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകളും |
| 2019-20 | KSA.PKD8-321/2022 Dt 18.05.2022 | ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകളും |
| 2020-21 | KSA.PKD8-379/2022 Dt 18.05.2022 | ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | Sreekrishnapuram Block Panchayat BALANCE SHEET As on 31-March-2022 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1224991.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 93311595.00 |
| | Total Reserve & Surplus | | 94536586.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15049212.00 |
| | Total Grants, Contributions for Specific Purposes | | 15049212.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 697923.00 |
| 350000000 | Other Liabilities | B-9 | 5198613.00 |
| | Total Current Liabilities and Provisions | | 5896536.00 |
| | TOTAL LIABILITIES | | 115482334.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 111550061.00 |
| 411000000 | Accumulated Depreciation | B-11 | -27938926.00 |
| 412000000 | Capital Work in Progress | B-11(a) | 705924.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 84317059.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 10369037.00 |
| 450000000 | Cash and Bank Balance | B-17 | 12893238.00 |
| 460000000 | Loans, Advances and Deposits | B-18 | 7903000.00 |
| | Total Current Assets, Loans and Advances | | 31165275.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 115482334.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br>INCOME & EXPENDITURE STATEMENT For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 28020.00 |
| 140000000 | Fee & User Charges | I-4(b) | 43439.00 |
| 150000000 | Sale & Hire Charges | I-5(b) | 144299.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 62953632.00 |
| 171000000 | Interest Earned | I-8 | 13402.00 |
| 180000000 | Other Income | I-9 | 5853.00 |
| | Total Income | | 63188645.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3270791.00 |
| 220000000 | Administrative Expenses | I-11(b) | 555173.00 |
| 230000000 | Operations & Maintenance | I-12(b) | 938350.00 |
| 240000000 | Interest & Finance Charges | I-13 | 22919.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4156570.00 |
| 251000000 | Decentralised Plan | I-14(a) | 39986672.00 |

| | | | |
|---|---|---|---|
| | Programme-Service Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6525718.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 142161.00 |
| 255000000 | Maintenance Projects | I-14(e) | 3964495.00 |
| 272000000 | Depreciation | I-17(a) | 4453464.00 |
| | Total Expenditure | | 64016313.00 |
| | Gross Surplus / Deficit of income over Expenditure | | -827668.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 134376.00 |
| | Net difference (Prior period Income - Prior period Expenditure) | | -962044.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| | Sreekrishnapuram Block Panchayat<br>RECEIPT & PAYMENT STATEMENT from 01-April-2021 to 31-March-2022 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5135622.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 43439.00 |
| 150000000 | Sale & Hire Charges | RP-5 | 144299.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42804299.00 |
| 171000000 | Interest Earned | RP-9 | 13402.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28318876.00 |
| 350000000 | Other Liabilities | RP-36 | 5104174.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5853.00 |
| 340000000 | Deposits Received | RP-34 | 58608.00 |
| 350000000 | Other Liabilities | RP-36 | 14552.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4557957.00 |
| 460000000 | Loans, Advances and Deposits | RP-47 | 1052227.00 |
| | Grand total | | 87255808.00 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3270791.00 |
| 220000000 | Administrative Expenses | RP-12 | 555173.00 |
| 230000000 | Operations & Maintenance | RP-13 | 938350.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4156570.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 39517887.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6447192.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 142161.00 |
| 255000000 | Maintenance Projects | RP-20 | 3964495.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 134376.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 20315.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 22919.00 |
| 340000000 | Deposits Received | RP-34 | 41532.00 |
| 350000000 | Other Liabilities | RP-36 | 14552.00 |
| 410000000 | Fixed Assets | RP-38 | 1576489.00 |
| 412000000 | Capital work in Progress | RP-40 | 1253235.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 10369037.00 |
| 460000000 | Loans, Advances and Deposits | RP-47 | 1937496.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12893238.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 87255808.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ